പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

19.05.2017-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4795

## പുതിയങ്ങാടി - പള്ളിക്കണ്ടി പ്രദേശത്ത് കടലാക്രമണത്തിൽ നാശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ. പ്രദീപ്കുമാർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് പുതിയാപ്പ ഹാർബറിന് തെക്ക് ഭാഗത്ത് പുതിയങ്ങാടി - പള്ളിക്കണ്ടി പ്രദേശത്ത് കടൽകയറി വീടുകളും മത്സ്യബന്ധന ഉപകരണങ്ങളും നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോഴിക്കോട്, പുതിയാപ്പ ഹാർബറിന് തെക്ക് ഭാഗത്ത് പുതിയങ്ങാടി പള്ളിക്കണ്ടി ഭാഗത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കടലാക്രമണത്തിൽ ഏകദേശം നൂറോളം വീടുകളിൽ വെള്ളം കയറുകയുണ്ടായി. ഗൃഹോപകരണങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും നാശനഷ്ടം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ, ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ബി) | ഈ പ്രശ്നത്തിന് പരിഹാരം വിശദമായ പഠനത്തിന് ശേഷം നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ